[Shri K. Chandrasekharan]

striking employees are in a state of starvation for the last two days. I, therefore, request the Government to see that immediate relief measures are adopted for the purpose of extending some relief, some limited relief at least, to the families of the striking employees. It is also necessary that Government should take steps at the higher level probably at the Deputy Commissioner level or at the Labour Commissioner level to see that the strike in the factory is ended as soon as possible.

The Minister for Transport and Labour (**Shri K. T. Achuthan**): Sir, I will give a reply tomorrow.

(ii) Satyagraha by the Private Secondary School Teachers.

Mr. Chairman: A reply is due from the hon. Chief Minister to an earlier Rule 61 notice of Shri. Gopala Kurup. I call upon the hon. Chief Minister to give the reply.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സർ, ശ്രീ. ഗോപാലക്കുറുപ്പ് ഇന്നലെ ഉന്നയിച്ച പ്രശ്നം പ്രൈവറ്റ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് സത്യഗ്രഹം ആരംഭിച്ചിരിക്കുന്നതിനെ തുടർന്നുള്ള സ്ഥിതിഗതികളെപ്പറ്റിയാണ്. അവർക്ക് ഏറ്റവും പ്രധാനപ്പെട്ട ബുദ്ധിമുട്ടകറ്റം ഉൾക്കൊള്ളുന്ന ഒരു മെമ്മോറാണ്ടം ഗവണ്മെൻറിലേക്ക് ലഭിച്ചിരുന്നു. ആ മെമ്മോറാണ്ടത്തിൽ അവർ മാത്രമല്ല മറ്റു ചില അദ്ധ്യാപകസംഘടനകളുടേയും പ്രതിനിധികളും ഒപ്പിട്ടിരുന്നു. അതിൽ ചിലരെ വിളിച്ച് ഡിപ്പാർട്ടുമെൻറ് ആലോചനകളും നടത്തുകയും, മറ്റു ചിലരെ വിളിക്കാതിരിക്കുകയും ചെയ്തതിനെ സംബന്ധിച്ചാണ് അവർക്ക് മുഖ്യമായും പരാതികളും ഉള്ളതെന്നു മനസ്സിലായി. അവർ അയച്ച മെമ്മോറാണ്ടം ഗവണ്മെൻറിലേക്ക് കിട്ടിയതിനുശേഷം അതിനെപ്പറ്റി പരിശോധിക്കുന്നതിനും ചർച്ച ചെയ്യുന്നതിനുമായി അദ്ധ്യാപക സംഘടനകളുടെ പ്രതിനിധികളെ മാത്രമേ വിളിച്ചിട്ടുണ്ടായിരുന്നുള്ളൂ. എന്നാൽ ഗവണ്മെൻറിൽനിന്നും അംഗീകരിച്ചിട്ടില്ലാത്ത സംഘടനകളുടെ പ്രതിനിധികളും ആ മെമ്മോറാണ്ടത്തിൽ ഒപ്പിട്ടിട്ടുണ്ടായിരുന്നു. അങ്ങനെ അംഗീകാരം ലഭിക്കാത്ത സംഘടനയുടെ പ്രതിനിധികളെ ഡിപ്പാർട്ടുമെൻറിൽനിന്നും വിളിച്ചിരുന്നില്ല. അതിൻറെ ഫലമായി അവരെ വിളിക്കാതിരിക്കാനുള്ള കാരണം എന്താണെന്ന അന്വേഷിച്ചു. അദ്ധ്യാപകസംഘടനകളെല്ലാം ഗവണ്മെൻറിൻറെ അംഗീകാരം വാങ്ങിക്കുന്നതിനു പ്രത്യേകം വ്യവസ്ഥകളും ഉണ്ടെന്നും, അതനുസരിച്ച് അംഗീകാരത്തിനു അപേക്ഷിക്കുന്ന അദ്ധ്യാപക സംഘടനകളെപ്പറ്റി ആലോചിച്ച് അംഗീകാരം കൊടുക്കുന്നതാണെന്നും, എയിഡഡ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് യൂണിയൻ അപ്രകാരം അംഗീകാരത്തിനുവേണ്ടി ഗവണ്മെൻറിലേക്ക് അപേക്ഷ കൊടുത്തിട്ടുണ്ടെന്നും അവരുടെ സംഘടനയ്ക്ക് അംഗീകാരം കൊടുത്തിട്ടുണ്ടെന്നും അറിഞ്ഞു. എന്നാൽ എയിഡഡ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ അങ്ങനെ അംഗീകാരത്തിനു വേണ്ടി അപേക്ഷിക്കുകപോലും ചെയ്തിട്ടില്ലാത്ത സ്ഥിതിക്ക് ഇതിനെപ്പറ്റി ആലോചിക്കുന്നതിനു അവരെ വിളിച്ചിട്ടില്ലെന്നാണ് അറിയുന്നത്. 7-6-61-ൽ തന്നെ ആവശ്യമായ രൂപകം ഗവണ്മെൻറിൽനിന്നും ഉണ്ടാക്കിയിരുന്നു. അപ്പോൾ ആ സംഘടനയ്ക്ക് വേണമെങ്കിൽ അംഗീകാരത്തിനു അപേക്ഷിക്കാൻ പ്രയാസം ഉണ്ടായിരുന്നില്ല. എങ്കിലും അവർ അങ്ങനെ ചെയ്യാൻ തയ്യാറായില്ല. ഇതിൽ ഡിപ്പാർട്ടുമെൻറിൻറെ നിലപാട് എന്താണെന്നുവെച്ചാൽ അംഗീകാരം കിട്ടിയിട്ടില്ലാത്ത സംഘടനകളെ വിളിച്ച് ആലോചിക്കാൻ തുടങ്ങിയാൽ പിന്നെ അംഗീകാരം കിട്ടാത്ത എല്ലാ സംഘടനകളേയും വിളിച്ച

LIBRARY ARCHIVES Kerala Legislative Assembly

ആലോചിക്കേണ്ടുന്ന പരിതഃസ്ഥിതിയുണ്ടാകും. ഡിപ്പാർട്ടുമെൻറിൽ ഇപ്പോഴം അംഗീകരിച്ചിട്ടുള്ള ഗൂഢകം അനുസരിച്ച് എയിഡഡ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനും, എയിഡഡ് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷനും അംഗീകാരം കൊടുക്കാൻ കഴിയുന്നതാണ്. എന്നാൽ അംഗീകാരം കിട്ടാത്ത സംഘടനയുടെ പ്രതിനിധികളെ വിളിച്ചാലോചിക്കുന്നതു് ശരിയായിരിക്കുകയില്ലെന്നാണ് ഡിപ്പാർട്ടുമെൻറിൻെറ നിലപാടു്. എയിഡഡു് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻെറ പ്രതിനിധികൾക്കു് മിനിസ്റ്റുറെ കണ്ടു സംസാരിക്കണമെന്നു് ഒരു സുഹൃത്തു് എന്നോടു് ആവശ്യപ്പെട്ടു. ഇന്നലെ വലിയ ജോലിത്തിരക്കുണ്ടായിരുന്നിട്ടും അതെല്ലാം മാറ്റിവച്ചിട്ടു് അവരുമായി അഭിമുഖസംഭാഷണം നടത്താമെന്നു് ഞാൻ ഏറ്റു. അതനുസരിച്ചു് കാത്തിരുന്നപ്പോൾ, എന്നോടു് ആദ്യം ആവശ്യപ്പെട്ട സുഹൃത്തുതന്നെ വന്നുപറഞ്ഞു, അവർക്കു് ഉടനെ വരാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് പിന്നെ ഒരു സമയത്തേക്കു മാറ്റി വയ്ക്കണമെന്നു്. അതാണു് ഇപ്പോഴത്തെ നിലപാടു്. ഗവണ്മെൻറു് ഡിപ്പാർട്ടുമെൻറിൽ നിന്നും എടുക്കുന്ന നിലപാടു് തെറ്റാണെന്നു പറയുന്നതു് ശരിയാണെന്നു തോന്നുന്നില്ല. പക്ഷേ ഇക്കാര്യത്തിൽ ആക്ഷേപമുണ്ടെങ്കിലും മിനിസ്റ്റുറെ കണ്ടു സംസാരിക്കുന്നതിനു് യാതൊരു വിരോധവുമില്ല. അവരുടെ പ്രതിനിധികളെ കൂടിയാലോചന സമയത്തു് ക്ഷണിച്ചിട്ടില്ലായിരുന്നുവെങ്കിലും, എയിഡഡു് സെക്കണ്ടറി സ്കൂൾ ടീച്ചേഴ്സിനെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളെപ്പറ്റിയും ചർച്ച ചെയ്യാൻ സാധിച്ചിട്ടുണ്ടു്. പക്ഷേ ആ ചർച്ച പൂർണ്ണമായിട്ടില്ല. മറൊരു ദിവസത്തേക്കു് മാറ്റിവെച്ചിരിക്കുകയാണു്. ഇത്രയും മാത്രമാണു് ഇതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും എടുത്തിട്ടുള്ള നിലപാടു്.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : സർ, അടുത്ത ദിവസം ചർച്ച ചെയ്യാൻ കൂടുന്ന അവസരത്തിൽ മെമ്മോറാണ്ടത്തിൽ ഒപ്പുവെച്ചിട്ടുള്ള മറ്റു സംഘടനകളുടെ പ്രതിനിധികളെ കൂടി വിളിക്കാൻ തയ്യാറാകുമോ ?

ശ്രീ. ആർ. ശങ്കർ : ആക്ഷേപമുണ്ടെങ്കിലും മിനിസ്റ്റുറെ കണ്ടു സംസാരിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കാമെന്നല്ലാതെ വേറൊന്നും ചെയ്യാൻ സാധിക്കുകയില്ല.

PRESENTATION OF REPORT

Shri D. Damodaran Potti : Sir, I, Chairman, Committee on Government Assurances, present the Eleventh Report of the Committee.

FINANCIAL BUSINESS

General discussion of the Budget for the Financial Year 1964-65 contd.)

Mr. Chairman (Shri K. M. George): Mr. Baby John may speak. The hon. Member may take ten minutes.

ശ്രീ. ബേബിജോൺ : സർ, നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റു് സൂക്ഷ്മമായി പഠിക്കാൻ ഞാൻ ശ്രമിച്ചു. അദ്ദേഹത്തിൻെറ പ്രസംഗവും വായിച്ചു. അതിൽ എന്നിൽ ഉളവാക്കിയ പ്രതീതി എന്താണെന്നുവച്ചാൽ പ്രഗൽഭനായ ഒരു ധനകാര്യമന്ത്രിയുടെ പ്രതികരണമല്ല ഇതിനകത്തുള്ളതു്, മറിച്ചു് ഒരു കണക്കപ്പിള്ളയുടെ കണക്കുകൂട്ടലിൻെറ പ്രതികരണമാണുള്ളതെന്നാണു്. വരവു ചെലവു കണക്കുകൾ എഴുതി ഹാജരാക്കുന്നതല്ല ഒരു ധനകാര്യമന്ത്രിയുടെ പ്രധാനമായ ജോലി ; മറിച്ചു് തന്നെ ഏൽപ്പിച്ചിരിക്കുന്ന ഒരു സംസ്ഥാനത്തിൻെറ സാമ്പത്തിക നിലവാരത്തെയും, സാമാന്യജനങ്ങൾക്കു് ആവശ്യമായ പദ്ധതികളെയും ആശ്രയിച്ചാണു് ജയാപജയങ്ങൾ തിട്ടപ്പെടുത്തേണ്ടതു്. ഈ ബഡ്ജറ്റു നോക്കുമ്പോൾ കണക്കുകൂട്ടിക്കൊണ്ടു് ഒരു തട്ടിപ്പു് നടത്തിയിട്ടുണ്ടെന്നുള്ളതിൽ കവിഞ്ഞു് മറൊന്നുംതന്നെയില്ല. അദ്ദേഹത്തിൻെറ കഴിഞ്ഞകാല പ്രവർത്തന

LIBRARY ARCHIVES Kerala Legislative Assembly